**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1131** **18-01-2021 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ-പള്ളിപ്പുറം സംസ്ഥാനപാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എസ്. ശർമ്മ | | Shri G. Sudhakaran<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | ലോകബാങ്ക് സഹായത്തോടെ വൈപ്പിൻ-പള്ളിപ്പുറം സംസ്ഥാനപാത മാതൃകാറോഡായി ഉയർത്തുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) | വൈപ്പിൻ-പള്ളിപ്പുറം സംസ്ഥാന പാത മാതൃകാ റോഡായി ഉയർത്തുന്നതിനായി M/s. Egis International എന്ന DPR consultant മുഖേന പദ്ധതിയുടെ വിശദമായ രൂപരേഖ തയ്യാറാക്കി. പ്രസ്തുത പദ്ധതി 2020 ആഗസ്റ്റ്, ഡിസംബർ മാസങ്ങളിലായി രണ്ട് തവണ ടെണ്ടർ ചെയ്തു. രണ്ടുതവണയും പങ്കെടുത്ത bidders ലോകബാങ്ക് മാനദണ്ഡങ്ങൾക്ക് അനുയോജ്യരല്ലാത്തതിനാൽ ടെണ്ടർ ഉപേക്ഷിക്കുകയാണുണ്ടായത്. ഈ പദ്ധതി-യുടെ റീടെണ്ടർ നടപടികൾ പുരോഗമിച്ച് വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ; | (ബി) | ടെണ്ടർ നടപടികൾ പൂർത്തിയാക്കി, യോഗ്യരായ bidders-നെ ലഭിക്കുകയാ- ണെങ്കിൽ 2021 മാർച്ച് മാസത്തോട്ടുകൂടി പദ്ധതി ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതി പൂർത്തീകരണത്തിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ആയത് വിശദമാക്കാമോ; | (സി) | കരാറുകാരനെ തിരഞ്ഞെടുത്ത് എഗ്രിമെന്റ് വെച്ച ശേഷം 9 മാസങ്ങളാണ് ഈ പദ്ധതിയുടെ പൂർത്തീകരണത്തിന് നിശ്ചയിച്ചിട്ടുള്ള കരാർ കാലാവധി. |
| (ഡി) | പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങളുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഡി) | ലോകബാങ്ക് മാനദണ്ഡങ്ങൾക്ക് അനുസൃതമായി യോഗ്യരായ bidders-ന്റെ അഭാവം ഈ പദ്ധതിയുടെ ആരംഭത്തിന് തടസ്സ- മാകുന്നു. |

സെക്ഷൻ ഓഫീസർ